# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

തൃശ്ശൂർ കോർപ്പറേഷനിലെ 40-ാം ഡിവിഷനിലെ ഏക വിദ്യാലയമാണ് ഗുരുവിജയം എൽ.പി സ്കൂൾ. 99 വർഷം പൂർത്തിയാക്കിയ ഈ വിദ്യാലയത്തിൽ നിന്നും അനേകം പ്രമുഖർ പഠിച്ചു പോയിട്ടുണ്ട്. കലാകായിക സാമൂഹ്യ രംഗങ്ങളിൽ ശോഭിച്ചവരും ഏറെയുണ്ട്. 5 അധ്യാപകരും, രണ്ട് പ്രീപ്രൈമറി അധ്യാപകരും ഉണ്ട്. പ്രൈമറി വിഭാഗത്തിൽ 55 കുട്ടികളും, പ്രീപ്രൈമറി വിഭാഗത്തിൽ 27 കുട്ടികളും അധ്യയനം നടത്തുന്നു. സബ് ജില്ലയിലെ പാഠ്യപാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും കലാകായിക ശാസ്ത്രമേളകളിലും പങ്കെടുത്ത് വിവിധ സമ്മാനങ്ങൾ നേടിയെടുക്കുന്നു. അറബി കലോത്സവത്തിൽ തുടർച്ചയായി സമ്മാനങ്ങൾ നേടാറുണ്ട്.

# ആമുഖം

തൃശ്ശൂർ കോർപ്പറേഷനിലെ 40-ാം ഡിവിഷനിലെ ഏക വിദ്യാലയമാണ് ഗുരുവിജയം എൽ.പി സ്കൂൾ. 99 വർഷം പൂർത്തിയാക്കിയ ഈ വിദ്യാലയത്തിൽ നിന്നും അനേകം പ്രമുഖർ പഠിച്ചു പോയിട്ടുണ്ട്. കലാകായിക സാമൂഹ്യ രംഗങ്ങളിൽ ശോഭിച്ചവരും ഏറെയുണ്ട്. 5 അധ്യാപകരും, രണ്ട് പ്രീപ്രൈമറി അധ്യാപകരും ഉണ്ട്. പ്രൈമറി വിഭാഗത്തിൽ 55 കുട്ടികളും, പ്രീപ്രൈമറി വിഭാഗത്തിൽ 27 കുട്ടികളും അധ്യയനം നടത്തുന്നു. സബ് ജില്ലയിലെ പാഠ്യപാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും കലാകായിക ശാസ്ത്രമേളകളിലും പങ്കെടുത്ത് വിവിധ സമ്മാനങ്ങൾ നേടിയെടുക്കുന്നു. അറബി കലോത്സവത്തിൽ തുടർച്ചയായി സമ്മാനങ്ങൾ നേടാറുണ്ട്.

# സ്കൂൾ പ്രൊഫൈൽ

| | |
|---|---|
| റവന്യൂ ജില്ല | : തൃശ്ശൂർ |
| വിദ്യാലയത്തിന്റെ പേര് | : എ.എൽ.പി.എസ്, ഗുരുവിജയം, വടൂക്കര |
| സ്കൂൾ കോഡ് | : 22641 |
| ഇ-മെയിൽ അഡ്രസ്സ് | : alpsguruvijayam@gmail.com |
| ഫോൺനമ്പർ | : 04872449905 |
| അഡ്രസ് | : കൂർക്കഞ്ചേരി. പി.ഒ 680007 - വടൂക്കര - തൃശ്ശൂർ |
| വിഭാഗം | : എയ്ഡഡ് 1-4 |
| വിദ്യാഭ്യാസ ജില്ല | : തൃശ്ശൂർ |
| സ്കൂൾ സ്ഥാപിച്ച വർഷം | : 1927 |
| അസംബ്ലി നിയോജക മണ്ഡലം | : തൃശ്ശൂർ |
| പാർലമെന്റ് മണ്ഡലം | : തൃശ്ശൂർ |
| റൂറൽ / അർബൻ | : അർബൻ |
| താലൂക്ക് | : തൃശ്ശൂർ |
| പഞ്ചായത്ത് / കോർപ്പറേഷൻ | : കോർപ്പറേഷൻ |

| | Teachers | |
|---|---|---|
| Sl No | Name of Teacher | Designation |
| 1 | Betty Michael.V | HM |
| 2 | Bindhu. V.V | LPST |
| 3 | P.P. Jamal | Arabic Teacher |
| 4 | Pranatha. E.S | LPST |
| 5 | Beffy. A.B | LPST |

# വിദ്യാലയ സമിതി വിവരങ്ങൾ 2025-26

| Class | Boys | Girls | Total |
|---|---|---|---|
| I | 5 | 11 | 16 |
| II | 3 | 7 | 10 |
| III | 9 | 6 | 15 |
| IV | 7 | 7 | 14 |

# മറ്റു പ്രവർത്തനങ്ങൾ

* കരാട്ടെ പരിശീലനം
* പൂകൃഷി, പച്ചക്കറികൃഷി
* സ്പോക്കൺ ഇംഗ്ലീഷ്
* ക്രാഫ്റ്റ് പരിശീലനം
* സൂംബ
* സംഗീത ക്ലാസ്
* അക്ഷരവൃക്ഷം
* നൃത്ത പരിശീലനം
* LSS പരിശീലനം
* വായനാപോഷണം.

അക്കാദമിക മാസ്റ്റർ പ്ലാൻ ഈ വർഷത്തെ ആദ്യത്തെ സ്കൂൾ SRG മീറ്റിംഗിൽ വച്ച് ഹെഡ്മിസ്ട്രസ് ശ്രീമതി ബെറ്റി മൈക്കിൾ. വി യുടെ അധ്യക്ഷതയിൽ വച്ച് നടന്ന സംഘചർച്ചയിൽ രൂപീകരിച്ചു. യോഗം ഉന്നയിച്ച സൂചകങ്ങൾ പരിഗണിച്ച് വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്തു. കഴിഞ്ഞ വർഷത്തെ മാസ്റ്റർ പ്ലാൻ അവലോകനം നടത്തിയതിനുശേഷം വിഷയാടിസ്ഥാനത്തിൽ ആസൂത്രിതമായി നിശ്ചിത ഫോർമാറ്റിൽ ഈ വർഷത്തെ പദ്ധതിയുടെ കരട് മെച്ചപ്പെടുത്തി എഴുതി ഗ്രൂപ്പുകൾ തയ്യാറാക്കിയ നിർദ്ദേശങ്ങൾ പൊതുവായി അവതരിപ്പിച്ചു. കൂട്ടിച്ചേർക്കലുകൾ നടത്തി. ഈ വർഷം നടപ്പിലാക്കേണ്ട പദ്ധതികളെ CWSN കുട്ടികൾക്ക് കൂടി പ്രത്യേക പരിഗണന നൽകുന്ന വിധത്തിൽ 5 മേഖലകളായി തരംതിരിച്ചു.

ലൈബ്രറി വികസനം

പദ്ധതിയുടെ പേര് – വായനക്കളരി

അവസ്ഥാ വിശകലനം

ഗ്രാമീണ മേഖലയിൽ നിന്നും വരുന്ന കുട്ടികൾക്ക് ആവശ്യത്തിന് പുസ്തകം ലഭിക്കാതെ വരുകയും, അവർക്ക് പുറമെ പോയി പുസ്തകം ശേഖരിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. അത് പരിഹരിക്കുന്നതിനായി വിദ്യാലയത്തിൽ ഒരു ലൈബ്രറി

ലക്ഷ്യം – കുട്ടികളിൽ വായനാശീലം വളർത്തുക.

* സാംസ്കാരപരമായ ഔന്നത്യം നേടുക
* വായനയിൽ പ്രാവീണ്യം നേടുക
* വായനയിൽ താല്പര്യം വളർത്തുക
* അധിക വായനയ്ക്ക് അവസരം
* പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക.

| ക്രമനമ്പർ | പ്രവർത്തനങ്ങൾ | നിർവഹണം |
|---|---|---|
| 1 | പുസ്തകം ശേഖരിക്കൽ - ലൈബ്രറി വിപുലീകരണത്തിനായി - പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും, കുട്ടികളുടെ ജന്മദിനവുമായി ബന്ധപ്പെട്ടും അധ്യാപകരിൽ നിന്നും, സ്കൂൾ ഫണ്ട് ഉപയോഗിച്ചും പുസ്തകം ശേഖരിക്കുന്നു. | അധ്യാപകർ, PTA, OSA |
| | * കുട്ടികൾക്ക് ഇരുന്ന് വായിക്കാനാവശ്യമായ ഇരിപ്പിടവും, റീഡിംഗ് റൂമും സജ്ജീകരിക്കാൻ തീരുമാനിച്ചു. | |
| | * വായനയിൽ താല്പര്യം വളർത്താനായി ദിനപത്രങ്ങൾ വായിച്ച് പ്രധാന വാർത്തകൾ അവതരിപ്പിച്ചു. | |
| | * മധുരം മലയാളം പദ്ധതി ആവിഷ്കരിച്ചു. | OSA |
| | * പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ചെറിയ പാട്ടുകൾ, കഥകൾ എന്നിവയിലൂടെ വായനയിൽ താല്പര്യം വളർത്താൻ തീരുമാനിച്ചു | വായനശാല |

| | | |
|---|---|---|
| | <u>പുസ്തകപരിചയം</u><br>കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>വായിച്ചതിന്റെ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | <u>ജൂൺ</u> |
| പുസ്തക പരിചയം | കുട്ടി സ്വന്തമായി വായിച്ച പുസ്തകം പരിചയപ്പെടുത്തുന്നു. എഴുതിയത് ആര്?, കഥാപാത്രങ്ങൾ കഥയുടെ <u>ഉള്ളടക്കം</u>, എന്നിവ പുസ്തകപരിചയത്തിലൂടെ പ്രകടിപ്പിക്കുന്നു. | |
| ആസ്വാദന കുറിപ്പ് | വായിച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കി - ശേഖരണം നടത്തുന്നു. | <u>ജൂൺ</u> to മാർച്ച് |
| വായിക്കാം എഴുതാം | <u>കുട്ടി</u>കൾക്ക് മുന്നിൽ ഒരുക്കാവുന്ന <u>ഉള്ള</u> ഉച്ചത്തിൽ വായന<br>നിശ്ശബ്ദ വായന<br>വായനാകാർഡ് നോക്കി നോട്ടുബുക്കിൽ എഴുതൽ.<br>കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു. | |
| ആശയം പറയാം | കുട്ടിക്ക് കഥാപുസ്തകം/വായനാകാർഡ് നൽകുന്നു.<br>നിശ്ശബ്ദവായന<br>വായിച്ചതിന്റെ ആശയം പറയൽ | |

| | | |
|---|---|---|
| | പുസ്തക പരിചയം<br>കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ചു കേൾപ്പിക്കുന്നു.<br>വായിച്ചതിന്റെ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | ജൂൺ |
| പുസ്തക പരിചയം | കുട്ടി സ്വന്തമായി വായിച്ച പുസ്തകം പരിചയപ്പെടുത്തുന്നു. എഴുതിയത് ആര്?. കഥാപാത്രങ്ങൾ കഥയുടെ ഉള്ളടക്കം, എന്നിവ പുസ്തക പരിചയത്തിലൂടെ പ്രകടിപ്പിക്കുന്നു. | |
| ആസ്വാദനക്കുറിപ്പ് | വായിച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കി - അവതരണം നടത്തുന്നു. | ജൂൺ to മാർച്ച് |
| വായിക്കാം എഴുതാം | കുട്ടികൾക്ക് മുന്നിൽ ഒരുക്കേണ്ട ഉറ ഉച്ചത്തിൽ വായന<br>നിശ്ശബ്ദ വായന<br>വായനാകാർഡ് നോക്കി നോട്ടുബുക്കിൽ എഴുതൽ.<br>കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ചു കേൾപ്പിക്കുന്നു. | |
| ആശയം പറയാം | കുട്ടിക്ക് കഥാപുസ്തകം/വായനാകാർഡ് നൽകുന്നു.<br>നിശ്ശബ്ദവായന<br>വായിച്ചതിന്റെ ആശയം പറയൽ | |

ആവശ്യമെങ്കിൽ ആവർത്തന വായന ഇത് -
കുട്ടികൾക്ക് മുന്നിൽ ഒഴുക്കോടെയുള്ള ആംഗ്യ
ഉച്ചത്തിൽ വായന

## ഗണിതം

### പ്രധാന ലക്ഷ്യങ്ങൾ

* ഗണിതപഠനം ലളിതവും, രസകരവുമാക്കുക
* വിനോദപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക
* ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു.
* രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പുവരുത്തുന്നു
* ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു
* സംഖ്യാപാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു. ഗുണനപട്ടിക ഉപയോഗം തിരിച്ചറിയുന്നു.
* ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
* പ്രശ്നപരിഹാരം, പ്രായോഗിക പ്രശ്നപരിഹാരത്തിന് മുൻഗണന
* ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ സഹായ
* വസ്തുക്കളുടെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അവ രൂപീകരണം, വ്യാഖ്യാനിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.

| | | |
|---|---|---|
| നൂറെണ്ണം | സംഖ്യകൾ എഴുതിയ നൂറ് കാർഡുകൾ നൽകുന്നു.<br>കിട്ടിയ സംഖ്യ വായിച്ച് എഴുതുന്നു | ഗ്രൂപ്പ |
| 10 ചങ്ങാതിമാർ | സംഖ്യ നൂറ് എഴുതുന്നു.<br>* കിട്ടിയ നൂറിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം | ജൂൺ |
| പാറ്റേൺ പൂർത്തിയാക്കൽ | വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കാൻ വ്യത്യസ്ത സംഖ്യകൾ നൽകുന്നു. | ജൂൺ –[illegible] |
| ക്രമത്തിലാക്കാം | ആരോഹണ ക്രമം, അവരോഹണക്രമം എഴുതുന്നു. | ജൂൺ – ആഗസ്റ്റ് |
| കൂട്ടങ്ങളാക്കാം | ഇഷ്ടപ്പെട്ട ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>കലിനോട്, ഗ്രിഡ് ഉപയോഗിച്ച് 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ജൂൺ<br>2 ഗ്രൂപ്പ |
| സംഖ്യാനാമം | ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം<br>ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | Sep – December |
| ക്രമീകരിക്കാം | സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>അറിവിൻ ഫ്ലാഷ് കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം | 2 ഗ്രൂപ്പ |

പരിസരപഠനം

| പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- |
| ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടൽ — വളരുന്ന മരം — പ്രകൃതി നടത്തം — നിരീക്ഷണം. നല്ല നാളേക്കുവേണ്ടി കവിത (ICT) ഏറ്റുചൊല്ലൽ. പ്രകൃതി നടത്തം — പട്ടികപ്പെടുത്തൽ. പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കാളിത്തം — പോസ്റ്റർ നിർമാണം. സസ്യങ്ങളെ നിരീക്ഷണം — പേരുകൾ കണ്ടെത്തൽ — എഴുതൽ — ICT ഉപയോഗിച്ച് കൂടുതൽ സസ്യങ്ങളെ പരിചയപ്പെടുത്തൽ. | June - July |
| പൂക്കൾ നിരീക്ഷണം — വിവരണം — എഴുതൽ. മരങ്ങൾ, ചെടികൾ വ്യത്യാസം തിരിച്ചറിയൽ — മണമുള്ള പൂക്കൾ — മണമില്ലാത്തവ — തിരിച്ചറിയൽ. പൂന്തോട്ട നിർമാണം — പതിപ്പ് — പച്ചക്കറിത്തോട്ടം. വിവിധ തൊഴിലുകൾ — വിവരശേഖരണം. വീടും പരിസരവും നിരീക്ഷിക്കൽ. പൊതുഇടങ്ങൾ — പൊതുസ്ഥാപനങ്ങൾ — പട്ടികപ്പെടുത്തൽ. വിവിധ തരം കളികൾ (ICT) ഉപയോഗിച്ച് മനസ്സിലാക്കൽ — കളികളിലേർപ്പെടൽ. | August - December |

ഖരം, ദ്രാവകം, വാതകം എന്നിവയുടെ
പ്രത്യേകതകൾ എഴുതി ഓരോന്നിന്റെ ഡിസംബർ -
ആവശ്യമായ പരീക്ഷണങ്ങൾ ചെയ്യുന്നു. മാർച്ച്
ഖരം - പ്രവർത്തനം - ഓറിഗാമി
തയ്യാറാക്കൽ

ദ്രാവകം - പരീക്ഷണങ്ങൾ നിത്യ
ജീവിതവുമായി ബന്ധപ്പെടുത്തുന്നു.
വാതകം - പുതിയ പ്രവർത്തനങ്ങൾ
കണ്ടെത്തുന്നു - തനിയെ ചെയ്യുന്നു-
എഴുതുന്നു.

| Aim | Activities | Period |
|---|---|---|
| Describes orally about Pictiae and objects | Provides actions<br>Colour identification<br>Reading familiar words<br>writing familiar words | June<br>July |
| Enjoy Songs and sings them with Rhythem and action | Enjoys songs and sings them with rhythm<br>Describes orally about Pictures and objects<br>Reads and write simple words<br>Picture descriptions<br>Rhyming words - Identify family members | August - October |
| To Develop listening Skills and reading Skills<br>Improve speaking Skills | Add more lines<br>Name of animals, birds, fruits, vegetables<br>Drawing vegetables and describing them<br>Decribing Places and things | October - December |
| Identify the nameing words from the Picture<br>Identify the action words from the same Picture | Identify vegetables<br>Gave reading card activities<br>Comprehends and Enjoys simple Stories and songs | |

| Aim | Actions | Time |
| --- | --- | --- |
| To speak Read & write English without any mistakes | Pretest<br>Listening skills - Games, Hello English, Activities, Conversations, Skit, Stories (ICT)<br>Speaking skills - Descriptions, growing sentences Picture Reading, Picture description, self Introduction, Assembly, activities, speech, book review, riddles etc . . .<br>Reading skills - News paper, Reading library books reading book review, Reading breaking news, find words, collect and Read Past tense, Rhyming words, discribing words. Text book activities. | June - July. |
| | Writing skills - make word web, Picture description, word chain sentence chain, make words and sentences, make riddles, Conversation, add more lines, develop story, description, notice, Proclamation, diary, letter, Announcement, Magazine. | August - march |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025
# Std I.

സ്കൂൾ- എ.എൽ.പി.എസ്. ഗുരുവിജയം, കൂർക്കഞ്ചേരി

ക്ലാസ്സ്- Std I

ക്ലാസ്സ് ടീച്ചർ - ബിന്ദു.വി.വി

ഉള്ളടക്കം.

1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. ഒന്നൊരുക്കം പ്രവർത്തനങ്ങൾ
4. മലയാളം മധുരം.
5. സംയുക്ത ഡയറി.
6. പാട്ടരങ്ങ്
7. വായനോത്സവം
8. രചനോത്സവം
9. ഭാഷോത്സവം
10. ഭക്ഷ്യമേള

# പ്രവർത്തന കലണ്ടർ

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ - മാർച്ച്
3. സംയുക്ത ഡയറി - ജൂലായ് - മാർച്ച്
4. പാട്ടരങ്ങ് - ആഗസ്റ്റ് - മാർച്ച്
5. വായനോത്സവം - ആഗസ്റ്റ് - മാർച്ച്
6. രചനോത്സവം - ആഗസ്റ്റ് - മാർച്ച്
7. രക്ഷിതാക്കൾക്ക് ശിൽപശാല - ജൂൺ
8. ഭക്ഷ്യമേള - ഡിസംബർ
9. ഗണിതകിറ്റ് - ആഗസ്റ്റ്

ആമുഖം -

ഒന്നാം ക്ലാസ്സിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകത്തിന്റെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിറുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക.

അവസ്ഥാ വിശകലനം -

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസ്സിൽ 16 കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി അനുഭവം ഉള്ളവരാണ് എല്ലാവരും. ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന ഒരു കുട്ടിയുണ്ട്.

അതിഥി തൊഴിലാളിയുടെ കുട്ടിയുമുണ്ട്. ഈ വർഷത്തെ പ്രധാന നേട്ടങ്ങളായി പറയേണ്ടത് വായന-എഴുത്താണ്. കുട്ടികൾ സംയുക്ത വായനയിൽ തുടങ്ങി സ്വയം എഴുതാനുള്ള കഴിവിൽ എത്തിച്ചേർന്നു. വായനയിലും മെച്ചപ്പെട്ടു. സ്വയം എഴുതിയത് വായിച്ച് ആശയം പറയാനുള്ള കഴിവും നേടി. പ്രശ്നങ്ങളായത് പാഠഭാഗങ്ങളുടെ ആധിക്യമാണ് ഗണിതവും മലയാളവും വളരെ കൂടി. പ്രവർത്തന പുസ്തകങ്ങളിലെ പ്രവർത്തനങ്ങളും കൂടുതലായിരുന്നു.

## വാർഷിക ലക്ഷ്യങ്ങൾ (മലയാളം)

(1) ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിനു കഴിവു നേടുക. ഓരോ കുട്ടിയും ലഘുബാലസാഹിത്യകൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവു നേടുക.

(2) ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റുള്ളവരുമായി പങ്കിടാനുള്ള കഴിവു നേടുക.

(3) ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കാനുള്ള കഴിവു നേടുക.

(4) ഓരോ കുട്ടിയും സ്വന്തം ആശയം വാക്യം, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ പ്രകടിപ്പിക്കാനുള്ള കഴിവു നേടുക

(5) ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവു നേടുക.

6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.

7. സ്വതന്ത്ര വായനക്ക് അവസരം ഒരുക്കുന്നു.

8. സ്വതന്ത്രമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടുന്നതിനും

9. സംയുക്ത ഡയറി രക്ഷിതാവിന്റെയും അധ്യാപകരുടേയും സഹായത്തോടെ മെച്ചപ്പെടുത്തുന്നതിന്.

<u>ജൂൺ.</u>

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട് ബുക്ക്, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കുന്നു.
- ചിത്രകാർഡുകൾ, വായനാകാർഡുകൾ നിർമ്മാണ ശില്പശാല
- താളാത്മകമായി കവിത ചൊല്ലൽ

<u>ജൂലൈ</u>

- സംയുക്ത ഡയറി എഴുതാൻ സഹായമൊരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരമൊരുക്കൽ
- വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

- ചിത്ര വായനക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാൻ അവസരം നൽകുന്നു.

<u>ഓഗസ്റ്റ്</u>

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്
- ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടങ്ങുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടികൾ സ്വതന്ത്രമായി രചനകൾ നടത്തുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.

<u>സെപ്റ്റംബർ</u>

- ഡയറി മെച്ചപ്പെടുത്താൻ അവസരം നൽകുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം നൽകുന്നു
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം നൽകുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.

ഒക്ടോബർ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടക്കുന്നു.
- ചിത്ര വായനക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്രരചനകൾ പ്രദർശിപ്പിക്കുന്നു
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു

നവംബർ

- സംയുക്തഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുന്നു.
- കൂട്ടവായന, ജോടിവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- വായനോത്സവം തുടരുന്നു.
- രചനോത്സവം തുടരുന്നു.
- പത്രവായനക്ക് അവസരം ഒരുക്കൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ

ഡിസംബർ

- രചനാശേഷി പരിപോഷിപ്പിക്കൽ
- സംയുക്തഡയറി മെച്ചപ്പെടുന്നു.
- കൂട്ടെഴുത്ത് നടക്കുന്നു.
- ചെറുകവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയങ്ങൾ ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

ജനുവരി.

- എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനുള്ള ചെറുരചനാ ശിൽപശാലകൾ സംഘടിപ്പിക്കുന്നു.
- കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികളുടെ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

- ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കുന്നു.
- രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും, എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രദർശിപ്പിക്കുന്നു.

മാർച്ച്

- കുട്ടികളുടെ രചനകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങലവായന ഇവക്ക് ഒരുക്കുന്നു.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഇഴചേർത്തിട്ടുണ്ട്.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറിയിൽ മികച്ച നേട്ടം കൈവരിക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പുസ്തകത്തിലെ

# Academic Master Plan

## Std I

## English

The goal for the first grader is to handle english fluently. The first grader must go from Small words to big words. The must be able to read and Speak english. Every child should be able to Speak english fluently like malayalam. we have to keep the language English close to our heart.

The academic master plan is designed to ensure that not a Single child goes illeterate.

objectives and learning out comes.

* Respond to Simple instructions in the classroom.
* Describe orally about the pictures and objects.
* Familiarise with Simple words.
* Enjoy Songs and Sings them with Rhythm and action
* Familiarise the names of birds, animals their young ones and identifies them from pictures.

June.

- Introduce Symbol words
- Provides picture Cards.

July.

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August.

- Enjoy Songs and Sings them with Rhythm and action
- Describes orally about pictures and objects using adjectives

September.

- Read and write Simple words and Simple Sentences.
- Provides Picture Cards and reading cards

October

- Introduce Symbol picture descriptions.
- Make word chain, Sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities

November.

- Prepare reading cards
- Provide more opportunities to read, write and Speak english
- writes five english words daily.

December.

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with rhythm and action
- Make picture albums.
- Collect pictures of animals and its young ones

February.

- Provide the opportunity to express myself in the classroom.
- English assembly once in a week.

March.

- Speaks english fluently.
- Read and write simple sentences.
- Picture reading and picture description

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് 1 ഗണിതം.

ആമുഖം -

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര വിഷയങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്നിലായി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസ്സിൽ നിന്ന തന്നെ ഉചിത പ്രവർത്തനങ്ങൾ രസകരമാക്കുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാകുന്നതാണ്.

ലക്ഷ്യങ്ങൾ.

- ഒന്ന് മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണങ്ങളെ പകുതി ഇരട്ടി കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിന് താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂടിയാൽ തന്നിരിക്കുന്ന സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ-അവരോഹണക്രമത്തിൽ ആക്കുന്നു.

- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- 1-20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ
- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവു നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
- വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിതപഠനത്തിന് സഹായകമായ രീതിയിൽ വസ്തുക്കൾ ഉപയോഗിക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ആഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂട്ടൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത പ്രവർത്തനങ്ങൾ ചെയ്യുന്നു.

സെപ്റ്റംബർ

- സംഖ്യാഗണങ്ങൾ ആവൃത്തികൾ
- ഒരക്കസംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ.
- ഒരക്കസംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
- സംഖ്യാഗണങ്ങൾ ആലപിക്കൽ

ഒക്ടോബർ

- ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്
- വലിയസംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ

നവംബർ

- സംഖ്യാഗണങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്കസംഖ്യം രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണക്രമത്തിൽ എഴുതൽ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി.

- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിലേർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു

- 1-10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിതാനന്ദം PTA യിൽ പ്രദർശിപ്പിക്കുന്നു
- വില, വിവരപ്പട്ടികകളുടെ വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്

- ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു
- സംഖ്യകളുടെ പകുതി, ഇരട്ടി തിരിച്ചറിയുന്നു

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

സ്കൂൾ : എ എൽ പി എസ് ശ്രദ്ധവിദ്യാലയം

ക്ലാസ് : II

ക്ലാസ് ടീച്ചറുടെ പേര് : ഷെറ്റി മൈക്കിൾ. വി

ഉപജില്ല : തൃശൂർ വെസ്റ്റ്

ജില്ല : തൃശൂർ

## ഉള്ളടക്കം

1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാള മധുരം
4. സംയുക്ത ഡയറി - സ്വതന്ത്ര ഡയറി
5. പാഠങ്ങൾ
6. സചിത്ര പുസ്തകം
7. വീഡിയോസ് നിർമ്മിതി

8. നാട്ടുവിശേഷം കൈയെഴുത്ത്

9. ക്ലാസ് പത്രം

10. രചനോത്സവം

11. വായനോത്സവം

12. ഭാഷോത്സവം

13. ഗണിതകേളികൾ

14. ഗണിതകിറ്റ്

15. പരീക്ഷണങ്ങൾ

16. ലഘു പ്രോജക്ട്

17. പരീക്ഷണ കിറ്റ്

18. രക്ഷിതാക്കൾക്ക് ശിൽപശാല

19. വിജയ സ്പർശം

20. പാനീയമേള

21. ഭക്ഷ്യമേള

22. പലഹാര മേള

## പ്രവർത്തന കലണ്ടർ

ക്രമനമ്പർ - പരിപാടിയുടെ പേര് - നിർവ്വഹണകാലം

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ മുതൽ മാർച്ച്
3. സംയുക്ത ഡയറി - ജൂൺ മുതൽ മാർച്ച്
4. പാട്ടരങ്ങ് - ജൂൺ മുതൽ മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ മുതൽ മാർച്ച്
6. റീഡേഴ്സ് തിയേറ്റർ - ജൂലൈ മുതൽ മാർച്ച്
7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ മുതൽ മാർച്ച്
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം
9. ചാന്ദ്രോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ
10. വായനോത്സവം - ജൂൺ മുതൽ മാർച്ച്
11. ഭാഷോത്സവം - ജനുവരി
12. ഗണിതകേളികൾ - ജൂൺ മുതൽ മാർച്ച്
13. ഗണിത കിറ്റ് - ജൂൺ മുതൽ മാർച്ച്
14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം
15. ലഘുപ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം

16. പരിഷ്കരണ കിറ്റ് - ജൂൺ മുതൽ മാർച്ച്
17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ
18. വിജയസ്പർശം - ജൂൺ മുതൽ മാർച്ച്
19. പ്രവൃത്തിമേള - ഡിസംബർ
20. ശാസ്ത്രമേള - ഡിസംബർ
21. പ്രദർശന മേള - ഡിസംബർ

1. ആമുഖം

എ.എൽ.പി.എസ് ഗുരുവിജയം സ്കൂൾ വട്ടോളിയിലെ 2025-26 അധ്യയന വർഷം കുട്ടികൾ രണ്ടാംക്ലാസ്: എ ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## 2. പ്രവർത്തന കലണ്ടർ

ക്രമനമ്പർ - പ്രവർത്തനങ്ങളുടെ പേര് - നിർവഹണകാലം

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ-മാർച്ച്
3. സചിത്ര ഡയറി - ജൂൺ-മാർച്ച്
4. പാട്ടരങ്ങ് - ജൂൺ-മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ-മാർച്ച്
6. ടീച്ചേഴ്സ് തിയേറ്റർ - ജൂലൈ-മാർച്ച്
7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ-മാർച്ച്
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം
9. ചലച്ചിത്രോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ
10. വായനോത്സവം - ജൂൺ-മാർച്ച്
11. ഭാഷോത്സവം - ജനുവരി
12. ഗണിത കേളികൾ - ജൂൺ-മാർച്ച്
13. ഗണിതകിറ്റ് - ജൂൺ-മാർച്ച്
14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം
15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം

16. പരിചരണ കിറ്റ് – ജൂൺ-മാർച്ച്
17. രക്ഷിതാക്കൾക്ക് ശില്പശാല – ജൂൺ
18. വിജയസ്പർശം – ജൂൺ-മാർച്ച്
19 പ്രതിഭാമേള – ഡിസംബർ
20. ശാസ്ത്രമേള – ഡിസംബർ
21. പ്രവൃത്തിപരിചയമേള – ഡിസംബർ

## 3. മലയാളം മധുരം

### പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വന്തമായി വായനക്ക് അവസരമൊരുക്കുന്നു. സർഗാത്മക വികാസത്തിന് സാധ്യത ഒരുക്കുന്നു. ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു. ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു. അതോടൊപ്പം ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തരാക്കുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

എസ്. ആർ. ജിയിൽ അവലോകനം – മേയ് അവസാനം
സി. പി. ടി. എ യിൽ അവലോകനം – ജൂൺ ആദ്യവാരം
കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ഇതിനായി
വായനോത്സവം. മൂന്നോ നാലോ കുട്ടികളുടെ ഗ്രൂപ്പുകൾ ഉൾപ്പെടുത്തി

പുസ്തകം - ടോട്ടോ ചാൻ

പുസ്തക പ്രകാശനം - ജനുവരി.

<u>ഉപകരണങ്ങൾ</u>

ക്ലാസ് ടീച്ചർ
രക്ഷിതാവ്
സാമൂഹികം PTA BRC

4 <u>സംയുക്ത ഡയറി</u>

<u>ലക്ഷ്യ പ്രസ്താവനകൾ</u>

സ്വന്തം അനുഭവങ്ങൾക്കനുസരിച്ച് പറയാനും എഴുതാനും കഴിയുന്നു. സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
സ്വതന്ത്ര വായന നടത്തുന്നതിന്
ഭാഷാശേഷി വികസിപ്പിക്കുന്നതിന്.

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ വിശദ ഡയറിയുടെ അവതരണം ജൂൺ ആദ്യവാരം CPTA യിൽ ഡയറി പരിചയപ്പെടുത്തൽ. രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം.

എഴുത്തിന്റെ വിവിധ രീതികളെ ബോധ്യപ്പെടുത്തുന്നു - ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു. (അതാത് ദിവസം)
കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
(ജൂൺ - മാർച്ച് വരെ)
സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു. (ജനുവരി)
സംയുക്ത ഡയറി പ്രകാശനം (ജനുവരി)
ചുമതല - ക്ലാസ് ടീച്ചർ, രക്ഷിതാവ്
സാമ്പത്തികം - CPTA

## 5. പാട്ടരങ്ങ്

**ലക്ഷ്യപ്രസ്താവനകൾ**

പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും താളം മനസ്സിലാക്കി ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
പ്രവർത്തന ഘട്ടങ്ങൾ

പാഠങ്ങളിന്റെ ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ എന്നിവ SRGയിൽ ചർച്ച.
കുട്ടികളെ പങ്കാളികളാക്കി പാഠങ്ങൾ അവതരിപ്പിക്കാൻ സൗകര്യമൊരുക്കൽ
തുടർന്ന് ഉപപ്രവർത്തനം അവലോകനത്തിൽ
ചുമതല - ക്ലാസ് ടീച്ചർ, രക്ഷിതാവ്

6. <u>സചിത്ര പുസ്തകം</u>

<u>ലക്ഷ്യപ്രസ്താവനകൾ</u>

രണ്ടാം ക്ലാസിലെ മുഴുവൻ പാഠം ഭാഗങ്ങളും സചിത്ര പുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് നോട്ടുകൾ ലഭ്യമാക്കുന്നു.
കുട്ടികൾ സ്വതന്ത്ര ചിത്രകാരും വായനക്കാരുമായി മാറുന്നു.
പ്രവർത്തനങ്ങളിൽ പരിസര പഠനം, ഗണിതം, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ

ഏകദിന രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കുന്നു. സചിത്ര പുസ്തകം തയ്യാറാക്കിയുള്ള പ്രതിമാസ രക്ഷാകർതൃയോഗങ്ങൾ, വിലയിരുത്തൽ
ഭാഷോത്സവത്തിൽ സചിത്ര നോട്ടുകൾ അവതരിപ്പിക്കൽ
ചുമതല - ക്ലാസ് ടീച്ചർ, രക്ഷിതാവ്.

## 7. റീഡേഴ്സ് തിയേറ്റർ

ലക്ഷ്യപ്രസ്താവനകൾ

* രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു
* രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു

ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

പ്രവർത്തനപദ്ധതികൾ - SRG യിൽ ആശയം പങ്കിടൽ

- CPTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ.

എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു.

റിപ്പബ്ലിക് ബാലസഭയിൽ

ഭാഷോത്സവത്തിൽ റിപ്പബ്ലിക് അവതരണം (ഫെബ്രുവരി)

ചുമതല - ക്ലാസ് ടീച്ചർ

## 8. നാട്ടുവിശേഷം കണ്ടെത്തുക

### ലക്ഷ്യപ്രസ്താവനകൾ

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.
- പ്രകൃതി നിരീക്ഷണത്തിലൂടെ ശേഖരിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരിശോധന വരെയുള്ള പ്രക്രിയാശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ അവതരണം, പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പ് എന്നിവ SRG യിൽ ആസൂത്രണം ചെയ്തു.
- PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
പാഠഭാഗത്തിന് യോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
ചുമതല: ക്ലാസ് ടീച്ചർ, CPTA, SRG

## 9. ക്ലാസ് പത്രം

**ലക്ഷ്യ പ്രസ്താവനകൾ**

- ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും രസകരവുമായി അവതരിപ്പിക്കുന്നു.
- മാധ്യമങ്ങളെ പരിചയപ്പെടുത്തുന്നു.

വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.

- കുട്ടികളിലെ കഴിവുകൾ വാർത്താ രൂപത്തിൽ തയ്യാറാക്കാൻ കുട്ടികൾക്ക് കഴിയുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തന രീതികളും SRG യിൽ അവതരിപ്പിക്കുന്നു. CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു. അധ്യാപകരുടെ അവലോകനം.

പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം പൊതുസമൂഹത്തിൽ മികച്ചവ ഭാഷോത്സവത്തിൽ അവതരണം.

## 10. പഠനോത്സവം

**ലക്ഷ്യപ്രസ്താവനകൾ**

* എല്ലാ കുട്ടികളും പഠന പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

നടപ്പിലാക്കുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല യോഗം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

<u>പ്രവർത്തന പദ്ധതികൾ</u>

SRG യിൽ അംഗീകാരം വാങ്ങുന്നു.
- CPTA യിൽ പിന്തുണ ഉറപ്പാക്കുന്നു.
പ്രതിമാസ യോഗങ്ങളും ക്ലാസ്തല- സഹായസമിതി
സ്കൂൾതല യോഗങ്ങൾ പ്രതിനിധികൾ (ഏകദിന)
ചുമതല: ക്ലാസ് ടീച്ചർ, CPTA

<u>II വായനോത്സവം</u>

<u>ലക്ഷ്യ പ്രസ്താവനകൾ</u>

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു
കുട്ടികളിൽ വായനാശീലം വളർത്തുന്നു.
ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
വായനാ കുറിപ്പ് തയ്യാറാക്കുന്നു

<u>പ്രവർത്തന പദ്ധതികൾ</u>

SRG യിൽ അംഗീകാരം വാങ്ങുന്നു
CPTA യിൽ ചർച്ച ചെയ്യുന്നു.

രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.

- ദിനാചരണ വാരാഘോഷങ്ങൾ നടത്തുന്നു

ചുമതല

ക്ലാസ് ടീച്ചർ

രക്ഷിതാവ്

## 12. ബാലോത്സവം

**ലക്ഷ്യ പ്രസ്താവനകൾ**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വർത്തിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു
- കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

ബാലോത്സവം SRGയിൽ ആസൂത്രണം ചെയ്യുന്നു

PTAയിൽ പിന്തുണ ഉറപ്പാക്കുന്നു.

- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു

ബാലോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട ഇനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

ചുമതല ക്ലാസ് ടീച്ചർ, CPTA, BRC

## 13. ഗണിത കേളികൾ

### ലക്ഷ്യ പ്രസ്താവനകൾ

കുട്ടികൾക്ക് ഗണിത കേളികളിൽ താല്പര്യമുണ്ടാക്കുന്നു.
ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു.
യുക്തിബോധം വളർത്തുന്നു.

### പ്രവർത്തനങ്ങൾ

കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)
ഡൊമിനോ കളികൾ (വ്യവകലനം)
ബോൾ കളി (ഗുണനം)

## 14. ഗണിത കിറ്റ്

### ലക്ഷ്യ പ്രസ്താവനകൾ

ELPS മുതലെ ഗണിത ശേഷികൾ എളുപ്പത്തിലും രസകരമാക്കുന്നതിന്
ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

### പ്രവർത്തനങ്ങൾ

10 ന്റെ കെട്ടുകൾ, മഞ്ചാടി, പളുങ്കുകൾ, സ്ട്രോ, മുത്തുകൾ, സോഡാ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റ് ഉറപ്പാക്കുന്നു.

## 15. പരീക്ഷണങ്ങൾ

ലക്ഷ്യപ്രസ്താവനകൾ

ശാസ്ത്രത്തോടുള്ള ആഭിമുഖ്യമുണ്ടാകുന്നു.
അന്വേഷിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.
വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.
യുക്തിചിന്ത വളർത്തുന്നു.

പ്രവർത്തനങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുകയും ചെയ്യുന്നു.

16. ലാബ് പ്രോജക്ട്

ലക്ഷ്യപ്രസ്താവനകൾ.

കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തിചിന്തയും വളർത്തുക

പ്രവർത്തനങ്ങൾ

കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാകുന്നു നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായ വിശകലനം ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

ഉത്തരവാദികൾ

ക്ലാസ് ടീച്ചർ, SRG, PTA

17 <u>പരീക്ഷണക്കിറ്റ്</u>

<u>ലക്ഷ്യപ്രസ്താവനകൾ</u>

- എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന്
- വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.
- ശാസ്ത്രപഠനത്തിൽ ആത്മവിശ്വാസം വളർത്തുക

<u>പ്രവർത്തനങ്ങൾ</u>

എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

പങ്കാളികൾ - ക്ലാസ് ടീച്ചർ, SRG, PTA

18. <u>രക്ഷിതാക്കൾക്ക് ശില്പശാല</u>

<u>ലക്ഷ്യപ്രസ്താവന</u>

പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക.

പാഠഭാഗങ്ങളും പാഠവസ്തുതകളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

<u>പ്രവർത്തനങ്ങൾ</u>

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യുന്ന വിധവും, സയൻസ് ഡയറി, സചിത്ര പുസ്തകം, ഗണിതകിറ്റ്,

ശാസ്ത്രകിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക്
അവബോധമുണ്ടാക്കുന്നു

കാലയളവ് - ജൂലൈ - ജനുവരി

ഉത്തരവാദികൾ

SRG, HM, ക്ലാസ് ടീച്ചർ

19. <u>വിജയ സ്പർശം</u>

<u>ലക്ഷ്യ പ്രസ്താവനകൾ</u>

- എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക
- നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.

<u>പ്രവർത്തനങ്ങൾ</u>

സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ്ങ് നൽകുക

വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനാകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.

കളിരീതിയിൽ കുട്ടികളുടെ പഠനത്തിന് മുൻതൂക്കം നൽകുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

ചുമതലകൾ - ക്ലാസ് ടീച്ചർ, SRG

ലക്ഷ്യപ്രസ്താവനകൾ

- ആഹാരം ആരോഗ്യത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വരുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് തിരിച്ചറിയുന്നതിന്
- ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്

പ്രവർത്തനങ്ങൾ

SRG യുടെയും CPTA യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു.

ചുമതലക്കാർ

ക്ലാസ് ടീച്ചർ.

## 21. ഭക്ഷ്യമേള

ലക്ഷ്യപ്രസ്താവനകൾ

പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

പങ്കാളികൾ: CPTA, ക്ലാസ് ടീച്ചർ

## 22. പലഹാരമേള.

### ലക്ഷ്യപ്രസ്താവനകൾ

- പലതരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്
- അവ ഉണ്ടാക്കുന്ന വിധം മനസ്സിലാക്കുന്നതിന്.
- ലഘു പാചകക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്

പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാരമേള സംഘടിപ്പിക്കുന്നു.

പങ്കാളികൾ: CPTA, ക്ലാസ് ടീച്ചർ.

# അക്കാദമിക മാസ്റ്റർ പ്ലാൻ- ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് 'ഉല്ലാസ ഗണിതം' പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
* ഗണിതത്തിന് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100ൽ താ
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്താൻ

മുന്നനുഭവം

* ഗണിതശാസ്ത്രത്തിൽ കുട്ടി നേടിയെടുത്തവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്താൻ.

ആശയം

* 1, 2, 3, 4, - - - - -

1, 3, 5, 7, - - - - -

10, 20, 30, 40, - - - - -

5, 10, 15, 20, - - - - -

2, 4, 6, 8 - - - തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്താൻ

* ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കാൻ

കരുതലെ

